DESPATCHED
On..30|08|22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **CP No. 1027(3)/2018** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11608/*എസ്.ഐ.സി–ജി 1/2018*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25.08.2022

ശ്രീ. ഗീവർഗ്ഗീസ് പോൾ,
'ബെത്ത് ഷിനോ',
2/707 D, ഒതയമംഗലം റോഡ്,
കാരപ്പറമ്പ് പി.ഒ, കോഴിക്കോട് – 673 010. — പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മുനിസിപ്പൽ കോർപ്പറേഷൻ,
കോഴിക്കോട്. — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12/09/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 12/10/2018 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 16/10/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കാരപ്പറമ്പ്, ഒതയമംഗലം റോഡ്, 'ബെത്ത് ഷിനോ' -യിൽ ശ്രീ. ഗീവർഗ്ഗീസ് പോൾ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ കോഴിക്കോട് കാരപ്പറമ്പ്–എരഞ്ഞിപ്പാലം റോഡിൽ ആശിർവാദ് ലോൺസ്

സമുച്ചയത്തിൽ നടക്കുന്ന കെട്ടിട നിർമ്മാണം സംബന്ധിച്ച വിഷയങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ടി അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ല എന്ന് കാണിച്ചാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ കോഴിക്കോട് കോർപ്പറേഷനിലെ എസ്.പി.ഐ.ഒ അപേക്ഷകന്റെ വിവരാവകാശ അപേക്ഷയ്ക്ക് യഥാസമയത്ത് തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയത് രേഖകൾ സഹിതം ബോധിപ്പിക്കുകയും ചെയ്തു. ഹിയറിംഗിൽ പരാതിക്കാരനും അക്കാര്യം സമ്മതിച്ചിട്ടുള്ളതാണ്. പരാതിക്കാരൻ ആവശ്യപ്പെടുന്ന രീതിയിൽ മറുപടി നൽകുവാൻ കഴിയില്ലെന്നും രേഖയുടെ പകർപ്പുകൾ നൽകിയിട്ടുണ്ടെന്നും എതിർകക്ഷി ബോധിപ്പിച്ചു.

3. പരാതി ഹർജിക്കാരനും വിവരങ്ങൾ ലഭ്യമായെന്ന് പറയുന്ന സാഹചര്യത്തിൽ, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

RIGHT TO INFORMATION